A

സമഗ്ര ശിക്ഷാ, കേരളം
ആത്യന്തികവിലയിരുത്തൽ I 2026-27

912

മലയാളം

അടിസ്ഥാനപാഠാവലി

ക്ലാസ് : 9

സമയം : 1 ½ മണിക്കൂർ

ആകെ സ്കോർ : 40

നിർദേശങ്ങൾ:

- ആദ്യത്തെ 15 മിനിറ്റ് സമാശ്വാസസമയമാണ്. ചോദ്യങ്ങൾ വായിക്കാനും ഉത്തരങ്ങൾ ക്രമപ്പെടുത്താനും ഈ സമയം വിനിയോഗിക്കണം.
- ചോദ്യങ്ങളും നിർദേശങ്ങളും ശ്രദ്ധാപൂർവം വായിച്ച് എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതണം. A അല്ലെങ്കിൽ B എന്ന തരത്തിലുള്ള ചോദ്യങ്ങളിൽ, ഏതെങ്കിലും ഒരു ചോദ്യത്തിന് ഉത്തരമെഴുതിയാൽ മതി.
- ഉത്തരമെഴുതുമ്പോൾ സ്കോർ, സമയം എന്നിവ പരിഗണിക്കണം.

1 മുതൽ 4 വരെ ചോദ്യങ്ങളുടെ ഉത്തരം തിരഞ്ഞെടുത്തെഴുതുക. (1 സ്കോർ വീതം) (4 x 1 = 4)

1. "അന്യരായ മനുഷ്യരുമായി ഇടപഴകിയപ്പോൾ അവരുടെയൊക്കെ ജീവിതാനുഭവങ്ങൾ എന്റേതായി മാറിയതുപോലെ"

(കാടുകളുടെ താളം തേടി)

ഈ വാക്യം യാത്രയെക്കുറിച്ച് നൽകുന്ന തിരിച്ചറിവ് എന്ത്?

A. യാത്രയിൽനിന്ന് കഷ്ടപ്പാടുകൾ മാത്രം ലഭിക്കുന്നു.
B. യാത്രയിൽനിന്ന് അറിവും അനുഭവവും നേടുന്നു.
C. മറ്റുള്ളവരുടെ ഇഷ്ടത്തിനനുസരിച്ച് ജീവിക്കേണ്ടിവരുന്നു.
D. യാത്ര സാമ്പത്തികനഷ്ടം ഉണ്ടാക്കുന്നു.

2. "ബംഗാളിലെ ഗ്രാമങ്ങളിൽ കേരളത്തിന്റെ <u>പ്രകൃതിഭംഗി</u> പ്രതിഫലിച്ചു കാണുന്നു".

(ശാന്തിനികേതനം)

അടിവരയിട്ട പദത്തിന്റെ ശരിയായ വിഗ്രഹാർഥം ഏത്?

A. പ്രകൃതിയും ഭംഗിയും
B. പ്രകൃതി പോലുള്ള ഭംഗി
C. പ്രകൃതിയാകുന്ന ഭംഗി
D. പ്രകൃതിയുടെ ഭംഗി

3. "വീണുപോകുന്നിടത്ത്
സ്മാരകമായി
ഉയർന്നുവന്നേക്കും."

(സ്മാരകം)

വരികളിലെ സ്മാരകമായി എന്ന പ്രയോഗത്തിന്റെ ആശയത്തിന് യോജിച്ച വാക്യമേത്?

A. പുതിയ പിറവിയെക്കുറിച്ചുള്ള പ്രതീക്ഷ
B. ജീവിതം പരാജയമായിത്തീരുമെന്ന പേടി
C. യാത്രയുടെ ഓർമ്മകൾ ഇല്ലാതാകുമെന്ന ചിന്ത
D. പക്ഷിയായിത്തീരാൻ കഴിയാത്തതിന്റെ സങ്കടം

(മറുപുറം)

4. " കാര്യകാരണബന്ധം വിശകലനം ചെയ്ത് ശരിയുത്തരം കണ്ടെത്തുക.

കാര്യം : ഗ്രാമീണപുനരുദ്ധാരണത്തിന്റെ കേന്ദ്രമാണ് ശ്രീനികേതനം
കാരണം: ചിത്രപ്രദർശനമാണ് അവിടെ പ്രധാനമായും നടക്കുന്നത്.

A. കാര്യവും കാരണവും തെറ്റ്
B. കാര്യവും കാരണവും ശരി
C. കാര്യം ശരി, കാരണം തെറ്റ്
D. കാര്യം തെറ്റ്, കാരണം ശരി

5 മുതൽ 7 വരെ ചോദ്യങ്ങൾക്ക് മൂന്നോ നാലോ വാക്യത്തിൽ ഉത്തരമെഴുതുക. (3 സ്കോർ വീതം)
(3x3=9)

5. "ദേശാന്തരം വിധിച്ചിട്ടില്ല
ആകാശവും സ്വന്തമല്ല
എന്നിട്ടും അതു പറക്കുന്നു"
(സ്മാരകം)

അപ്പൂപ്പൻതാടിയുടെ പറക്കലിന്റെ എന്തെല്ലാം സവിശേഷതകളാണ് ഈ വരികളിൽ പ്രകടമാകുന്നത്?

6. അർഥവ്യത്യാസം വരാതെ ലഘുവാക്യങ്ങളാക്കുക.

എത്രയോ മണിക്കൂറുകൾക്കുമുമ്പ് വിമാനത്തിൽനിന്നും കിട്ടിയ ഇത്തിരി പച്ചവെള്ളം മാത്രമായിരുന്നു എന്റെ അന്നത്തെ അതുവരെയുള്ള ആഹാരം.

7 **(A)** "യാത്രികൻ അനന്തമായ മണൽപ്പരപ്പിൽ ഉന്മാദിയെപ്പോലെ നടക്കുന്നതിനിടയിലായിരിക്കും പെട്ടെന്ന് ഇരുട്ടിന്റെ പരശ്ശതം കമ്പളങ്ങൾ പുതപ്പിച്ച് സൂര്യൻ പിൻവാങ്ങുക. അങ്ങനെ സംഭവിച്ചാൽ കൊടുങ്കാട്ടിൽ നട്ടപ്പാതിരയ്ക്ക് കുടുങ്ങിയതുപോലെയാകുമത്."
(മരുഭൂമിയുടെ ആത്മകഥ)

മരുഭൂമിയിലുണ്ടാകുന്ന മാറ്റങ്ങൾ യാത്രികനെ സ്വാധീനിക്കുന്നതെങ്ങനെ? നിങ്ങളുടെ നിരീക്ഷണങ്ങൾ കുറിക്കുക.

അല്ലെങ്കിൽ

(B) "എന്നിട്ടും അത് പറക്കുന്നു.
കുഞ്ഞിനെ എന്നപോലെ
വിത്തിനെ മടിയിൽ വച്ച്"
(സ്മാരകം)

'കുഞ്ഞിനെ എന്നപോലെ വിത്തിനെ മടിയിൽ വച്ച്' എന്ന പ്രയോഗത്തിന്റെ അർഥസാധ്യതകൾ എന്തെല്ലാം?

8 മുതൽ 11 വരെ ചോദ്യങ്ങൾക്ക് നാലോ അഞ്ചോ വാക്യത്തിൽ ഉത്തരമെഴുതുക.

(5 സ്കോർ വീതം) (4x5=20)

8. "ഈ യാത്ര ഒരു തുടക്കം മാത്രമാണെന്ന് ഞാൻ കരുതുന്നു. അറിവിന്റെയും
അനുഭൂതിയുടെയും ഈ നീരൊഴുക്ക് ഉറവപൊട്ടിത്തുളുമ്പിയത്
കെട്ടിനിറുത്താനുള്ളതല്ലെന്നും ഞാനറിയുന്നു. "

(കാടുകളുടെ താളം തേടി)

ഹിമാലയയാത്രാനുഭവങ്ങളെക്കുറിച്ചുള്ള ഈ നിരീക്ഷണങ്ങൾ വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

9. **തന്നിരിക്കുന്ന ഖണ്ഡിക വായിച്ചു താഴെ കൊടുത്തിട്ടുള്ള ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക.**

ആകാശത്തുനിന്ന് ഒരു പക്ഷി താണുപറന്നുവന്നു പുഴക്കരയിലെ ഒരു ചാഞ്ഞകൊമ്പിൽ വന്നിരുന്നു. ആകാശത്തേക്ക് നോക്കി ഇത്തിരി നേരം പ്രാർഥിച്ചു. പിന്നെ, പുഴയുടെ തീരെ ആഴമില്ലാത്ത കരയോട് ചേർന്നുനിൽക്കുന്ന വെള്ളത്തിൽനിന്നും ദാഹം തീർക്കാനാവശ്യമായ വെള്ളം കുടിച്ചു, സന്തോഷത്തിന്റെ ചിറകുകളുമായി ദൂരേക്ക് പറന്നു. പിന്നെ ആർത്തിപിടിച്ച കണ്ണുകളോടെ ഒരാൾ പുഴയിലേക്കിറങ്ങി. വെള്ളത്തിൽ വിഷം കലക്കി മത്സ്യങ്ങളെയത്രയും കൊണ്ടുവന്ന വലയ്ക്കുള്ളിലാക്കി. മണലൂറ്റിയെടുത്തു ലോറിയിലാക്കി.പുഴയുടെ നെടുവീർപ്പ് ദൂരെ പറന്നുപോയ പക്ഷിമാത്രം കേട്ടു. പുഴ കണ്ണടച്ചു മരിച്ചു കിടന്നു. മണൽത്തിട്ടയിലെ ഒരു മുൾച്ചെടിക്കരികെ അവൻ വീണ്ടും വന്നു. അവൻ വിയർത്തൊട്ടിയ ഷർട്ടിനുള്ളിലൂടെ ഊതികൊണ്ടു പറഞ്ഞു . "ഹോ! എന്തൊരു ചൂട്. പറഞ്ഞുതീരുംമുമ്പ് സൂര്യന്റെ ചുട്ടുപൊള്ളുന്ന ഒരു ശാപരശ്മി വന്നു അവനെ തൊട്ടു. എല്ലാം കണ്ടുകൊണ്ട് ആകാശത്ത് ആ പഴയ പക്ഷി വീണ്ടും വട്ടമിട്ടു പിന്നെ ഒരു ചില്ലയിലിരുന്ന് മരിച്ച പുഴയ്ക്ക് വേണ്ടി പ്രാർഥിച്ചു.

1. പുഴയിലിറങ്ങിയ മനുഷ്യൻ ചെയ്തത് എന്തെല്ലാം? (2 സ്കോർ)
2. സൂര്യന്റെ ചുട്ടുപൊള്ളുന്ന ഒരു ശാപരശ്മി എന്ന പ്രയോഗം നൽകുന്ന അർഥസൂചനകൾ എന്തെല്ലാം? (1 സ്കോർ)
3. കഥയ്ക്ക് അനുയോജ്യമായ ഒരു തലക്കെട്ട് നൽകി ഔചിത്യം വ്യക്തമാക്കുക. (2 സ്കോർ)

10(A) • ബംഗാളിലെ ഗ്രാമങ്ങളിൽ കേരളത്തിന്റെ പ്രകൃതിഭംഗി പ്രതിഫലിച്ചുകാണുന്നു.

(ശാന്തിനികേതനം)

• നെൽപ്പാടങ്ങളുടെ നാട്ടിൽനിന്നു വരുന്ന കേരളീയരായ നമ്മൾപോലും, ബാലിയിലെ നെൽപ്പാടങ്ങളുടെ സംവിധാനസമ്പ്രദായവും ലാവണ്യവിശേഷവും കാണുമ്പോൾ മതിമറന്നുപോകും.

(ബാലിദ്വീപ്)

നൽകിയ സൂചനകളും പാഠഭാഗവും വിലയിരുത്തി, എസ്. കെ. പൊറ്റക്കാട്ടിന്റെ കൃതികളിൽ കേരളത്തിന്റെ സവിശേഷതകൾ പ്രതിഫലിക്കുന്നതെങ്ങനെ എന്ന് വിശദമാക്കുക.

അല്ലെങ്കിൽ

(B) • "അറിവില്ലായ്മയുടെ ഭാരക്കുറവിൽ
അത് പറക്കുന്നു."

(സ്മാരകം)

'അറിവില്ലായ്മയുടെ ഭാരക്കുറവ് ' എന്ന പ്രയോഗത്തിന്റെ സവിശേഷതകൾ വിശകലനം ചെയ്യുക.

(മറുപുറം)

11. അപ്പൂപ്പൻതാടിയുടെ പറക്കലിനെ 'ധീരമെങ്കിലും എളിയ അതിന്റെ ശ്രമം' എന്നാണ് കവി വിശേഷിപ്പിച്ചിരിക്കുന്നത്.

അപ്പൂപ്പൻതാടിയുടെ ഈ പരിശ്രമം നമുക്ക് നൽകുന്ന ജീവിതപാഠമെന്താണ്? വിശദമാക്കുക.

താഴെ തന്നിരിക്കുന്ന ചോദ്യത്തിന് ഒരുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക. (7 സ്കോർ)
(1x7=7)

12(A) യാത്രയിലൂടെ ലഭിക്കുന്ന അറിവുകളും അനുഭവങ്ങളും എന്നും മനസ്സിൽ തങ്ങിനിൽക്കുന്ന ഓർമ്മകളാണ്.

നിങ്ങൾ നടത്തിയ യാത്രയിലെ മറക്കാനാവാത്ത അനുഭവങ്ങൾ പങ്കുവെച്ചുകൊണ്ട് സുഹൃത്തിന് കത്തെഴുതുക.

അല്ലെങ്കിൽ

(B) • "ഇതിനകത്തെവിടെയും ഒരു ലാളിത്യവും സ്വച്ഛതയും ശാന്തിയും തമ്മിൽ പുണർന്നുകിടക്കുന്നു."

• "ശാന്തിനികേതനത്തിന് അതിർത്തിനിർണ്ണയം ചെയ്യുന്ന ഭിത്തികൾ ഇല്ല."

(ശാന്തിനികേതനം)

• "വിദ്യാലയങ്ങൾ വെറുമൊരു അറിവ് വിതരണകേന്ദ്രമാകരുത്, പകരം അത് സ്നേഹത്തിന്റെയും സാഹോദര്യത്തിന്റെയും കേന്ദ്രമാകണം."

(ടാഗോർ)

മുകളിൽ നൽകിയ സൂചനകൾ വിശകലനം ചെയ്ത് **'വിദ്യാലയം എന്റെ കാഴ്ചപ്പാടിൽ'** എന്ന വിഷയത്തിൽ ഉപന്യാസം തയ്യാറാക്കുക.

****